**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2739** **06-10-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം നഗരത്തിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം നഗരത്തിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | കോതമംഗലം നഗരത്തിൽ വൈദ്യുതി തടസ്സം കുറക്കുന്നതിനും, സുരക്ഷിതവും, മെച്ചപ്പെട്ടതുമായ വോൾട്ടേജോട്ടുകൂടിയ പവർ ലഭ്യമാകുന്നതിനുമായി പ്ലാൻ പദ്ധതികളായ ദ്യുതി, RDSS എന്നിവ നടപ്പിലാക്കിവരുന്നു. ഇവയുടെ വിശദാംശ ങ്ങളും നിലവിലെ സ്ഥിതിയും **അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കോതമംഗലം നഗരത്തിൽ വൈദ്യുതി തടസ്സം കുറക്കുന്നതിനും, സുരക്ഷിതവും, മെച്ചപ്പെട്ടതുമായ വോൾട്ടേജോട്ടുകൂടിയ പവർ ലഭ്യമാകുന്നതിനുമായി പ്ലാൻ പദ്ധതികളായ ദ്യുതി, RDSS എന്നിവ നടപ്പിലാക്കിവരുന്നു. ഇവയുടെ വിശദാംശ ങ്ങളും നിലവിലെ സ്ഥിതിയും **അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**RDSS പദ്ധതി**

| ഇലക്ട്രിക്കൽ സെക്ഷൻ | നിർവ്വഹിയ്ക്കപ്പെടുന്ന പ്രവർത്തി | എസ്റ്റിമേറ്റ് തുക (രൂപ ) | പദ്ധതിയുടെ ലക്ഷ്യം | നിലവിലെ നിർവ്വഹണ ഘട്ടം |
|---|---|---|---|---|
| കോതമംഗലം 1 | 1 .8 കി .മീ ഭൂഗർഭ കേബിൾ കോതമംഗലം 220 കെ വി സബ്സ്റ്റേഷൻ മുതൽ പോസ്റ്റ് ഓഫീസ് ജംഗ്ഷൻ വരെ സ്ഥാപിയ്ക്കൽ | 4475480.4 | വൈദ്യുതി തടസ്സം ഏറ്റവും കുറയ്ക്കുക / മെച്ചപ്പെട്ട പവർ ലഭ്യത ഉറപ്പ് വരുത്തുക / കോതമംഗലം പോസ്റ്റ് ഓഫീസ് ജംഗ്ഷന് ചുറ്റുമുള്ള നഗരഭാഗങ്ങളിൽ തടസ്സരഹിത വൈദ്യുതി എത്തിയ്ക്കുക | വർക്ക് ഓർഡർ നൽകിയിട്ടുണ്ട് . കരാറുകാരൻ സർവ്വേ നടപടികൾ പൂർത്തീകരിച്ചു. NHAI യുടെ അനുമതിയ്ക്കായി അപേക്ഷിച്ചു. അനുമതി ലഭ്യമായാലുടൻ പ്രവൃത്തി ആരംഭിയ്ക്കുന്നതാണ്. |
| കോതമംഗലം 1 | 2.2 കി .മീ ഭൂഗർഭ കേബിൾ വിമലഗിരി ജംഗ്ഷൻ മുതൽ ഗ്യാസ് ഗോഡൗൺ (ബൈപാസ്സ് വഴി ) വരെ സ്ഥാപിയ്ക്കൽ | 8205047.4 | വൈദ്യുതി തടസ്സം ഏറ്റവും കുറയ്ക്കുക / മെച്ചപ്പെട്ട പവർ ലഭ്യത ഉറപ്പ് വരുത്തുക | വർക്ക് ഓർഡർ നൽകിയിട്ടുണ്ട് . കരാറുകാരൻ സർവ്വേ നടപടികൾ പൂർത്തീകരിച്ചു റോഡ് കട്ടിങ്ങിനുള്ള PWD അനുമതി ലഭ്യമായിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| കോതമംഗലം 2 | 1.5 കി .മീ ഭൂഗർഭ കേബിൾ കോതമംഗലം 220 കെ വി സബ്സ്റ്റേഷൻ മുതൽ എം എ ഇന്റർനാഷണൽ സ്കൂൾ വരെ | 41025237.00 | കോതമംഗലം താലൂക്ക് ഓഫീസ് ഭാഗത്തും ചുറ്റുമുള്ള നഗരഭാഗങ്ങളിൽ തടസ്സരഹിത വൈദ്യുതി എത്തിയ്ക്കുക / മെച്ചപ്പെട്ട പവർ ലഭ്യത ഉറപ്പ് വരുത്തുക | വർക്ക് ഓർഡർ നൽകിയിട്ടുണ്ട് . കരാറുകാരൻ സർവ്വേ നടപടികൾ പൂർത്തീകരിച്ചു റോഡ്/NHAI , PWD എന്നിവരുടെ അനുമതിയ്ക്കായി അപേക്ഷിച്ചു. അനുമതി ലഭ്യമായാലുടൻ പ്രവൃത്തി ആരംഭിയ്ക്കുന്നതാണ് |

**ദ്യുതി പദ്ധതി**

| ഇലക്ട്രിക്കൽ സെക്ഷൻ | നിർവ്വഹിയ്ക്കപ്പെടുന്ന പ്രവർത്തി | എസ്റ്റിമേറ്റ് തുക(രൂപ ) | പദ്ധതിയുടെ ലക്ഷ്യം | നിലവിലെ നിർവ്വഹണ ഘട്ടം |
|---|---|---|---|---|
| കോതമംഗലം 1 | നങ്ങേലിപ്പടിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 643602.06 | മെച്ചപ്പെട്ട വോൾട്ടേജ്/ പവർ ലഭ്യത ഉറപ്പ് വരുത്തുക | വർക്ക് ഓർഡർ നൽകിയിട്ടുണ്ട് . കരാറുകാരൻ പ്രവൃത്തി ആരംഭിയ്ക്കുന്നതാണ് |
| കോതമംഗലം 1 | 3.3 കി .മീ ഇളംബ്ര ട്രാൻസ്ഫോർമറിന് കീഴിൽ LT ലൈൻ റീ കണ്ടക്ടറിങ് | 2228098 | വൈദ്യുതി തടസ്സം ഏറ്റവും കുറയ്ക്കുക / മെച്ചപ്പെട്ട പവർ ലഭ്യത ഉറപ്പ് വരുത്തുക/ അപകടങ്ങൾ കുറയ്ക്കുക | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| കോതമംഗലം 1 | 3.4 കി .മീ കള്ളാട് ട്രാൻസ്ഫോർമറിന് കീഴിൽ LT ലൈൻ റീ കണ്ടക്ടറിങ് | 2399490 | വൈദ്യുതി തടസ്സം ഏറ്റവും കുറയ്ക്കുക / മെച്ചപ്പെട്ട വോൾട്ടേജ്/ പവർ ലഭ്യത ഉറപ്പ് വരുത്തുക/ അപകടങ്ങൾ കുറയ്ക്കുക | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| കോതമംഗലം 1 | 3.4 കി .മീ മിനിപ്പടി ട്രാൻസ്ഫോർമറിന് കീഴിൽ LT ലൈൻ റീ കണ്ടക്ടറിങ് | 2399490 | വൈദ്യുതി തടസ്സം ഏറ്റവും കുറയ്ക്കുക / മെച്ചപ്പെട്ട വോൾട്ടേജ്/ പവർ ലഭ്യത ഉറപ്പ് വരുത്തുക/ അപകടങ്ങൾ കുറയ്ക്കുക | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |